465/456/19

# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ശ്രീമതി. രേഖ പി.പി, സീനിയർ ക്ലർക്ക് - റിട്ടയറിംഗ് പെൻഷൻ അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) 20.10.2018-ലെ കണ്ണൂർ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ എ1/113/14 നമ്പർ കത്ത്
2) ശ്രീമതി. രേഖ. പി.പി, സീനിയർ ക്ലർക്കിന്റെ 07.10.2018-ലെ അപേക്ഷ
3) ഈ ഓഫീസിലെ 22.11.2018-ലെ ഇതേ നമ്പർ കത്ത്
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലി(A&E)-ന്റെ 08.03.2019-ലെ GE28/C/AAO/Misc:/490 നമ്പർ കത്ത്
5) ധനകാര്യ (പെൻഷൻ-ബി) വകുപ്പിന്റെ 25.03.2010-ലെ 29/2010/ധന നമ്പർ സർക്കുലർ

## ഉത്തരവ് നം . എ1-13817/2018/സിഇ/തസ്വഭവ തീയതി 27.03.2019

കണ്ണൂർ ജില്ലയിലെ തസ്വഭവ സബ്ഡിവിഷൻ എടക്കാട് ബ്ലോക്ക്പഞ്ചായത്തിന് കീഴിലെ തസ്വഭവ സെക്ഷൻ മുണ്ടേരി / കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. രേഖ പി.പി 25.01.2019 അപരാഹ്നത്തിൽ സ്വമേധയാ ജോലിയിൽ നിന്ന് വിരമിക്കുന്നതിന് അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി. രേഖ. പി.പി 04.10.1996-ലെ സ.ഉ(എം.എസ്) നം. 213/96/ആഭ്യന്തര പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ ജലസേചന വകുപ്പിൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ 25.01.1997 പൂർവാഹ്നം ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് സ്ഥിരപുനർവിന്യാസം മുഖേന ഈ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. സ്വമേധയാ സേവനത്തിൽ നിന്ന് വിരമിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീമതി. രേഖ. പി.പി-യുടെ അപേക്ഷ പരാമർശം (5) സർക്കാർ സർക്കുലറിന് വിധേയമായി, റിട്ടയറിംഗ് പെൻഷന് ആവശ്യമായ ഏറ്റവും കുറഞ്ഞ സമയദൈർഘ്യം ഉണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിലേയ്ക്കായി പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തൃശ്ശൂർ ബ്രാഞ്ച്-ന് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരിയുടെ യോഗ്യസേവനകാലം പരിശോധിച്ച് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പരാമർശം (4) പ്രകാരം ലഭ്യമാക്കിയിട്ടുള്ളതാണ്. ടി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ടിയാരി 17.10.2018 തീയതി പ്രാബല്യത്തിൽ 21 വർഷവും 6 മാസവും 28 ദിവസവും സേവന ദൈർഘ്യം പൂർത്തിയാക്കിയതിനാൽ കേരള സർവീസ് ചട്ടം ഭാഗം III ചട്ടം 56 പ്രകാരം ടിയാരിയ്ക്ക് റിട്ടയറിംഗ് പെൻഷന് അർഹതയുള്ളതാണ്.

ശ്രീമതി. രേഖ പി.പി, സീനിയർ ക്ലർക്ക്-ന്റെ സ്വമേധയാ സേവനത്തിൽ നിന്ന് വിരമിക്കാനുള്ള അപേക്ഷ പരിഗണിച്ചും, അക്കൗണ്ടന്റ് ജനറലിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് പരിഗണിച്ചും കേരള സർവീസ് ചട്ടം ഭാഗം III ചട്ടം 56 പ്രകാരം ടിയാരിയ്ക്ക് 30.03.2019 തീയതി പ്രാബല്യത്തിൽ റിട്ടയറിംഗ് പെൻഷൻ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ ടിയാരി സ്വമേധയാ സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് അപേക്ഷിച്ചിരുന്ന തീയതിയായ 25.01.2019 അപരാഹ്നം മുതൽ സേവനത്തിൽ തുടരുന്നതിനാൽ, 26.01.2019 തീയതി മുതൽ ടിയാരിയ്ക്ക് റിട്ടയറിംഗ് പെൻഷൻ അനുവദിച്ച് നൽകുന്ന തീയതി വരെയുള്ള കാലയളവ് സേവന കാലയളവായി പരിഗണിച്ചും ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

വ്യക്തിയ്ക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് : 1) അക്കൗണ്ടന്റ് ജനറൽ, കേരള ബ്രാഞ്ച് : തൃശ്ശൂർ
2) എക്സി. എഞ്ചിനീയർ, തദ്ദേശസ്വയംഭരണ ഡിവിഷൻ, കണ്ണൂർ ജില്ലാപഞ്ചായത്ത്
3) അസി. എക്സി. എഞ്ചിനീയർ, തദ്ദേശസ്വയംഭരണ സബ്ഡിവിഷൻ, എടക്കാട് ബ്ലോക്ക്പഞ്ചായത്ത്
4) ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
5) എ1 സെക്ഷൻ / കരുതൽ / സ്റ്റോക്ക് ഫയൽ

P 370